# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .3385

24.06.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സണ്ണി ജോസഫ്<br>" ജോസഫ് വാഴക്കൻ<br>" എം.എ. വാഹിദ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കുടുംബ ങ്ങൾക്ക് ധനസഹായം നൽകുന്ന തിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഫിഷറീസ്, തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായി 'തണൽ' പദ്ധതിയ്ക്ക് രൂപം നൽകുകയും പ്രസ്തുത പദ്ധതി മുഖേന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളികൾക്ക് 1350/- രൂപ നിരക്കിൽ ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായം നൽകുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പഞ്ഞമാസക്കാലത്ത് സാമ്പത്തിക താങ്ങൽ ലക്ഷ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് തണൽ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | തണൽ പദ്ധതി പ്രകാരം ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള ബയോ മെട്രിക് കാർഡിന് എൻറോൾ ചെയ്ത മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും ധനസഹായമായി 1350/- രൂപ ഒറ്റത്തവണയായി നൽകുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വമുള്ള മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾ രാജ്യ രക്ഷയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ബയോമെട്രിക് കാർഡിന് എൻറോൾ ചെയ്ത 2,35,000 പേർക്ക് ധനസഹായം നൽകുന്ന ഈ പദ്ധതിയ്ക്ക് 1,50,000 പേർ ബാങ്ക് അക്കൗണ്ട് തുറന്ന് വിവരങ്ങൾ നൽകുകയുണ്ടായി. 17.65 കോടി രൂപ അർഹരായവർക്ക് അവരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകുവാൻ നടപടി സ്വീകരിച്ചു. ബാക്കി വരുന്ന 85,000 പേർക്ക് അപേക്ഷ തരുന്ന മുറയ്ക്ക് ധനസഹായം ബാങ്ക് മുഖേന വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ